**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1306** **19-06-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നബാർഡിന്റെ സഹായത്തോടെ 2015-ൽ 16.90 കോടി രൂപയ്ക്ക് ഭരണാനുമതിയും പാലത്തിന്റെ ഡിസൈനിൽ വ്യത്യാസം വന്നതിനാൽ 2018-ൽ 24.46 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും നൽകിയതും കഴിഞ്ഞ 10 മാസമായി ജി.എസ്.ടി. പ്രശ്നത്താൽ നിർത്തിവച്ചിരിക്കുന്നതുമായ വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; നിർമ്മാണം എന്നത്തേക്ക് പുനരാരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. GST അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സ്പഷ്ടീകരണത്തിനായി ബ്രിഡ്ജസ് വിഭാഗം ചീഫ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് നിലവിൽ നികുതി വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികളിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; സ്ഥലമെടുപ്പ് പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് ചെയ്യേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ നടന്നു വരുന്നു. സ്ഥലമേറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള റവന്യൂ ഓർഡറിലും ഭൂമി ഏറ്റെടുക്കുന്നതിനായി സമർപ്പിച്ച റിക്വിസിഷനിലും ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ സർവേ നമ്പറുകളുമായി വ്യത്യാസം ഉണ്ടെന്ന് തഹസിൽദാർ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് റിക്വിസിഷൻ പുനർ സമർപ്പിച്ചിട്ടുള്ളത് നിലവിൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ